"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - ഗവൺമെൻറ് സെക്രട്ടേറിയറ്റിലെ ശുചീകരണ വിഭാഗത്തിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കിയ ഇനത്തിലുള്ള ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ)വകുപ്പ്

സ.ഉ.(സാധാ) നം.4998/2026/GAD തീയതി,തിരുവനന്തപുരം, 25-09-2026

പരാമർശം:-

1. സ.ഉ. (സാധാ) നം. 4941/2025/പൊ.ഭ.വ തീയതി 13/11/2025
2. സർക്കാർ കത്ത് നം.എച്ച് .കെ.സി. എ 2/175/2026/ പൊ .ഭ .വ തീയതി 13.08.2026
3. മെ. ബെല്ലാരിസ് ക്ലീൻസേഴ്സിന്റെ 29.08.2026 തീയതിയിലെ BK 1095 , 09.09.2026 തീയതിയിലെ BK 1197 നമ്പർ ബില്ലുകൾ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ 10/09/2026 തീയതിയിലെ കത്ത് .

ഉത്തരവ്

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ശുചീകരണ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കണമെന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം M/s ബെല്ലാരിസ് ക്ലീൻസേഴ്സ്, കോട്ടയം-12 എന്ന സ്ഥാപനത്തിന് സർക്കാർ സപ്ലൈ ഓർഡർ നൽകിയിരുന്നു. അതനുസരിച്ച് സാധനങ്ങൾ വിതരണം ചെയ്ത ശേഷം ആകെ ₹135822.76/-(ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ എഴുപത്തിയാറു പൈസ) രൂപയുടെ ബില്ല് പരാമർശം 3 മുഖാന്തരം ടി സ്ഥാപനം സമർപ്പിക്കുകയുണ്ടായി. ബില്ല് പ്രകാരമുള്ള സാധനങ്ങൾ ലഭിച്ചതായും വിശദാംശങ്ങൾ സ്റ്റോക്ക് ബുക്ക് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഹെൽത്ത് ഇൻസ്പെക്ടർ ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

2) മേൽ സാഹചര്യത്തിൽ ആകെ ₹1,35,823/-(ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തി മൂന്നു രൂപ) M/s ബെല്ലാരിസ് ക്ലീൻസേഴ്സ്, കോട്ടയം-12 എന്ന സ്ഥാപനത്തിന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി "2052-090-99-05-ഒ.ഇ.-4-മറ്റിനങ്ങൾ" എന്ന കണക്കിനത്തിൽ നിന്നും ആകെ ₹1,35,823/-(ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്നു രൂപ) രൂപ മാറി M/s. ബെല്ലാരിസ് ക്ലീൻസേഴ്സിന്റെ പേരിലുള്ള 560371000085352 (IFSC-UBIN0902080) നമ്പർ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീന.എ.എൻ

അഡിഷണൽ സെക്രട്ടറി

പ്രൊപ്രൈറ്റർ , M /S ബെല്ലാരിസ് ക്ലീൻസേഴ്സ്, കോട്ടയം-12 (ഇ മെയിൽ : bellariscleansers @gmail.com)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള,തിരുവനന്തപുരം.

പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ്.

സബ് ട്രഷറി ഓഫീസ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.

(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu B S
Date: 26-09-2026
12:27:34

സെക്ഷൻ ഓഫീസർ